# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3748 – 21/06/2018 -ലെ മറുപടിക്ക്

## എജ്യുക്കേഷൻ ലോൺ റീപെയ്മെന്റ് സിസ്റ്റം

**ചോദ്യം** **ഉത്തരം**

ശ്രീ. ജോർജ് എം. തോമസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | എജ്യുക്കേഷൻ ലോൺ റീപെയ്മെന്റ് സിസ്റ്റം പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ അർഹമായത് എത്ര പരിഗണിച്ചുവെന്നും വ്യക്തമാക്കുമോ; അർഹരായ അപേക്ഷകർക്ക് സർക്കാർ സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറി യിട്ടുണ്ട്. ബാങ്കുകൾ അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകൾ എസ്.എൽ.ബി.സി. മുഖേന സർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് അയക്കേണ്ടതായിട്ടുണ്ട്. ഈ പ്രക്രിയയ്ക്ക് കുറച്ച് കാലതാമസം നേരിടുന്നുണ്ട്. സർക്കാരിൽ ലഭിയ്ക്കുന്ന യോഗ്യമായ അപേക്ഷകൾക്ക് സമയബന്ധിതമായി സർക്കാർ സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതടക്കമുള്ള കാര്യങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ തലത്തിൽ അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി | ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ